**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4233** **28-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തു വിഭജനവും പെർമിറ്റ് ഫീസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിനെയും തൃക്കലങ്ങോട് പഞ്ചായത്തിനെയും വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | പുതിയ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി രൂപീകരണവും അതിർത്തി പുനർനിർണ്ണയവും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല . |
| (ബി) | പുതുതായി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വാർഡ് വിഭജനം നടത്തുന്നത്; വിശദമാക്കാമോ; | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 6 പ്രകാരവും 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 6 പ്രകാരവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അംഗസംഖ്യ സർക്കാരാണ് നിശ്ചയിക്കുന്നത് . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന നടപടികൾ സ്വീകരിക്കുന്നത് ഡീലിമിറ്റേഷൻ കമ്മീഷൻ ആണ് . |
| (സി) | പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസിൽ ഇളവ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | 2019 - ലെ കേരളം പഞ്ചായത്ത് / മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി നിർമിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസിൽ 31.03.2023 ലെ സ.ഉ. (കൈ) നം.85/ 2023/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ഇപ്പോൾ ബാധകമാകുന്നത്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ, ബി.പി.എൽ., മുൻഗണന കാർഡ് ഉള്ളവർ എന്നിവർക്ക് വീടുകൾക്കുള്ള പെർമിറ്റ് ഫീസ് ഇളവ് നൽകുന്നതിനോ സൗജന്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | 2019 - ലെ കേരള പഞ്ചായത്ത് / മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കുടിലുകൾ, കാറ്റഗറി 2 പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെയുള്ള ഏക കുടുംബ വാസ ഗൃഹങ്ങൾ, നിർണ്ണയിക്കപ്പെട്ട ലൈവ് സ്റ്റോക്ക് ഫാമുകൾ തുടങ്ങിയവയ്ക്ക് പെർമിറ്റ് ആവശ്യമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

28.06.2024-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4233

### പഞ്ചായത്ത് വിഭജനവും പെർമിറ്റ് ഫീസും

| ചോദ്യം<br>**ശ്രീ.യു.എ.ലത്തീഫ് :** | | മറുപടി<br>**എം.ബി രാജേഷ്**<br>(ബഹു.തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിനെയും തൃക്കലങ്ങോട് പഞ്ചായത്തിനെയും വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | പുതിയ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി രൂപീകരണവും അതിർത്തി പുനർനിർണ്ണയവും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല . |
| (ബി) | പുതുതായി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വാർഡ് വിഭജനം നടത്തുന്നത്; വിശദമാക്കാമോ; | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 6 പ്രകാരവും 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 6 പ്രകാരവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അംഗസംഖ്യ സർക്കാരാണ് നിശ്ചയിക്കുന്നത് . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന നടപടികൾ സ്വീകരിക്കുന്നത് ഡീലിമിറ്റേഷൻ കമ്മീഷൻ ആണ് |
| (സി) | പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസിൽ ഇളവ് നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകികൊണ്ട് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | 2019 - ലെ കേരളം പഞ്ചായത്ത് / മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി നിർമിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസിൽ 31.03.2023 ലെ സ.ഉ. (കൈ) നം.85/ 2023/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ഇപ്പോൾ ബാധകമാകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ, ബി.പി.എൽ., മുൻഗണന കാർഡ് ഉള്ളവർ എന്നിവർക്ക് വീടുകൾക്കുള്ള പെർമിറ്റ് ഫീസ് ഇളവ് നൽകുന്നതിനോ സൗജന്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | 2019 – ലെ കേരള പഞ്ചായത്ത് / മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളി ലെ ചട്ടം 8 പ്രകാരം കുടിലുകൾ, കാറ്റഗറി 2 പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെയുള്ള ഏക കുടുംബ വാസ ഗൃഹങ്ങൾ, നിർണ്ണയിക്കപ്പെട്ട ലൈവ് സ്റ്റോക്ക് ഫാമുകൾ തുടങ്ങിയവയ്ക്ക് പെർമിറ്റ് ആവശ്യമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ